**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.. 68

27-06-2011-ൽ
മറുപടിക്ക്

## സംസ്ഥാനത്തെ സാമ്പത്തിക തട്ടിപ്പുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായ സാമ്പത്തിക തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജനങ്ങളെ കബളിപ്പിച്ച് പണം ഉണ്ടാക്കി തട്ടിപ്പ് നടത്തുന്ന ഇത്തരം സംഘങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | | (എ) ഉണ്ട്. ഇതുസംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing) യ്ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും ഇത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ടറുകൾ, എസ്.എം.എസുകളുടെ ഉറവിടം കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ-ടെക് സെല്ലും , ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പത്ര- ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചു കൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2011 ഏപ്രിൽ, മെയ്, ജൂൺ, മാസങ്ങളിൽ ഇത്തരം എത്ര തട്ടിപ്പ് സംഭവങ്ങൾ പുറത്തു വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | 2011 ഏപ്രിൽ , മെയ്, ജൂൺ മാസങ്ങളിൽ ഇത്തരത്തിലുള്ള 205 തട്ടിപ്പ് സംഭവങ്ങൾ പുറത്തു വന്നിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും എത്രപേരെ അറസ്റ്റ് ചെയ്തെന്നും വെളിപ്പെടുത്തുമോ ? | (സി) | 402 കേസുകൾ രജിസ്റ്റർ ചെയ്തു. 59 പേരെ അറസ്റ്റ് ചെയ്തു. |

സെക്ഷൻ ഓഫീസർ